## പാർട്ട് (A)

## പരിസര പഠനം

1. ഒരു കാതിൽ വെറ്റില സ്കോർ 1

- കൈയിൽ കടകം

- തലയിൽ വാസുകീയം

മുകളിലെ സൂചനകൾ ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ് ?

A ) കഥകളി B ) ഓട്ടം തുള്ളൽ

C ) തെയ്യം D) ചാക്യാർ കൂത്ത്

2. തെറ്റായ ജോടിയേത് ? സ്കോർ 1

A.താമര - ഇലയിൽ മെഴുകുപോലുള്ള ആവരണം

B.അസോള - മണ്ണിൽ വേരുറയ്ക്കും

C ആമ്പൽ - തണ്ടിലും ഇലയിലും വായു അറകൾ

D.ആഫ്രിക്കൻ പായൽ - ജലോപരിതലത്തിൽ പൊങ്ങിക്കിടക്കും

3. ശരിയായ കൂട്ടം ഏത് ? സ്കോർ 1

A.തിന ,ഗോതമ്പ് ,മാവ് B.മാവ് ,തെങ്ങ് ,ചോളം

C.ചോളം .ഗോതമ്പ്, പന D.ചോളം ,മുള, പ്ലാവ്

4. സൂര്യനും സൂര്യനെ ചുറ്റുന്ന ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ചേർന്നതാണ് ........? സ്കോർ 1

5. താഴെ കൊടുത്തിരിക്കുന്ന പ്രത്യേകതകൾ ദ്രവ്യത്തിന്റെ ഏത് അവസ്ഥയെ സൂചിപ്പിക്കുന്നു ? സ്കോർ 1

വ്യാപനം എൻെറ പ്രത്യേകതയാണ്-ഭാരമുണ്ട് സ്ഥിതി ചെയ്യാൻ -സ്ഥലം ആവശ്യമുണ്ട് -നിശ്ചിത ആകൃതിയില്ല

6. ഹംസവും ദമയന്തിയും എന്ന പ്രശസ്തമായ കലാസൃഷ്ടി ആരുടേതാണ്? സ്കോർ 1

7. വിത്ത് മുളയ്ക്കുന്നതുമായി ബന്ധപ്പെട്ട ശരിയല്ലാത്ത പ്രസ്താവനയേത്? സ്കോർ 1

A.ആദ്യം പുറത്തുവരുന്ന ഭാഗം ബീജ മൂലമാണ്

B.ബീജ പത്രങ്ങൾ ചെടിയോടൊപ്പം വളരുന്നു

C ബീജ ശീർഷം കാണ്ഡമായി മാറുന്നു.

D. വേരായി മാറുന്നത് ബീജ മൂലമാണ്.

8. വിശാലമായ ഒരു പ്രദേശത്തിൻെറ സവിശേഷതകൾ ഒരു കടലാസിൽ കൃത്യമായി ചത്രീകരിക്കുന്നതിൻെറ പേര്?? സ്കോർ 1

9. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമ പഞ്ചായത്തിന് തൊട്ട് മുകളിൽ വരുന്നത് ? സ്കോർ 1

10. പ്രഥമ ശുശ്രൂഷ സംബന്ധിച്ച് ശരിയല്ലാത്തതേത് ? സ്കോർ 1

A മുറിവേറ്റ ഭാഗം ഉയർത്തി പിടിക്കണം.

B വസ്ത്രത്തിന് തീ പിടിച്ചാൽ ഓടരുത്

C. കണ്ണിൽ പൊടി വീണാൽ തിരുമ്മേണ്ടതാണ്.

D. പാമ്പുകടിച്ചാൽ പരിഭ്രമിച്ച് ഓടരുത് .

11. കുടുംബത്തോടൊപ്പം ബസിൽ യാത്ര ചെയ്യുകയാണ് മനു . പുറത്ത് ശക്തമായ മഴ പെയ്ത് തുടങ്ങിയപ്പോൾ ക്രമേണ മുൻ വശത്തെ ഗ്ലാസിലൂടെയുള്ള കാഴ്ചകൾ മങ്ങിത്തുടങ്ങി.ഡ്രൈവർ പേപ്പർ കൊണ്ട് ഗ്ലാസ്സിന്റെ അകംവശം തുടച്ചപ്പോൾ പേപ്പർ നനഞ്ഞിരുന്നു.

a ) എങ്ങനെയാണ് ഗ്ലാസ്സിന്റെ അകവശത്ത് നനവ് രൂപപ്പെട്ടത്?സ്കോർ 2

b) ഇത് വിശദീകരിക്കുന്നതിനായി നിത്യജീവിതത്തിലെ ഇത്തരമൊരു സന്ദർഭം കണ്ടെത്തി പരീക്ഷണ കുറിപ്പ് തയ്യാറാക്കുക. സ്കോർ 3

**12.** ബന്ധം കണ്ടെത്തി യോജിപ്പിക്കൂ സ്കോർ 2

1. A ജാലിയൻവാലാബാഗ് - കെ കേ ഉപ്പൻ
   B. നിസ്സഹകരണ സമരം - നീലം കൃഷി
   C. ഉപ്പുസത്യാഗ്രഹം - ജനറൽ മൈക്കിൾ ഒ ഡയർ
   D. ചമ്പാരൻ സമരം - വിദേശ വസ്ത്ര ബഹിഷ്കരണം

2) സ്വാതന്ത്ര്യ സമര ചരിത്രത്തിലെ സുപ്രധാനമായ വഴിത്തിരിവായ ഉപ്പു സത്യാഗ്രഹത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക. സ്കോർ 2

KPSTA

## പാർട്ട് (B)

# ഗണിതം

13. ഒരു കയർ ഫാക്ടറിയിലെ ആകെയുള്ള 133 തൊഴിലാളികൾ 49 പേർ പുരുഷന്മാരും ബാക്കി സ്ത്രീകളുമാണ് ഒരു ദിവസം ഒരു പുരുഷ തൊഴിലാളിക്ക് 875 രൂപയാണ് കൂലി മുഴുവൻ തൊഴിലാളികൾക്കും ഒരു ദിവസത്തെ കൂലി നൽകാൻ 112175 രൂപ വേണം


i. മുഴുവൻ സ്ത്രീ തൊഴിലാളികൾക്കും ഒരു ദിവസത്തെ കൂലി നൽകാൻ ആകെ എത്ര രൂപ വേണം? സ്കോർ 2

ii. എല്ലാ തൊഴിലാളികൾക്കും പ്രതിദിനം 70 രൂപ യാത്രബത്ത നൽകുന്നുവെങ്കിൽ ഈ ഇനത്തിൽ ഒരു ദിവസം ആകെ എത്ര രൂപ നൽകണം? സ്കോർ 1

iii. യാത്രാബത്ത, കൂലി ഈ വകയിൽ ഒരു ദിവസം എല്ലാ തൊഴിലാളികൾക്കും കൂടി ആകെ എത്ര രൂപ ഫാക്ടറി നൽകേണ്ടിവരും? സ്കോർ 1

iv. മൊത്തം തൊഴിലാളികളെ 7 വിഭാഗങ്ങളായി തിരിച്ചാണ് ജോലി നൽകിയിരിക്കുന്നതെങ്കിൽ ഒരു വിഭാഗത്തിൽ എത്ര തൊഴിലാളികൾ ഉണ്ടായിരിക്കും? സ്കോർ 1

14. ചിത്രം ശ്രദ്ധിക്കുക



a. ചതുരം കണ്ടല്ലോ ഇതേ ചുറ്റളവുള്ള ഒരു സമചതുരത്തിന്റെ ഒരു വശം എത്ര സെന്റീമീറ്റർ ആയിരിക്കും

സ്കോർ 2

b. ഈ ചതുരത്തിന്റെ വീതിവശം ഇരട്ടിയായാൽ ലഭിക്കുന്ന സമചതുരത്തിന്റെ ചുറ്റളവ് എത്ര സെന്റീമീറ്റർ ആയിരിക്കും?

സ്കോർ 1

C. ഈ ചതുരത്തെ രണ്ട് സെന്റീമീറ്റർ വശമുള്ള എത്ര സമചതുരങ്ങളായി മുറിച്ചെടുക്കാൻ കഴിയും

സ്കോർ 1

d. ഈ ചതുരത്തെ തുല്യ ചുറ്റളവുള്ള രണ്ട് സമചതുരങ്ങളാക്കി മുറിച്ചാൽ കിട്ടുന്ന ഒരു സമചതുരത്തിന്റെ ചുറ്റളവ് എത്രയായിരിക്കും

സ്കോർ 1

15. 6 പേന വാങ്ങി 100 രൂപ കൊടുത്തപ്പോൾ 4 രൂപ കടക്കാരൻ ബാക്കി നൽകി. ഒരു പേന കൂടി വാങ്ങാൻ ഇനിയെത്ര രൂപ കൂടി വേണം

സ്കോർ 1

16. 40 മിനിറ്റ് വൈകി 13:10 നാണ് ട്രെയിൻ തിരുവനന്തപുരത്ത് എത്തിച്ചേർന്നത് .ട്രെയിൻ യാത്രയ്ക്ക് 8 മണിക്കൂർ 50 മിനിറ്റ് എടുത്തുവെങ്കിൽ ട്രെയിൻ എത്ര മണിക്കാണ് യാത്ര പുറപ്പെട്ടത്?

സ്കോർ 1

17. 10 മീറ്റർ നീളമുള്ള ഒരു വലിയ റിബ്ബണിൽ നിന്ന് 50 സെന്റീമീറ്റർ നീളമുള്ള 15 കഷ്ണങ്ങളും 30 സെന്റീമീറ്റർ നീളമുള്ള 8 കഷ്ണങ്ങളും മുറിച്ചെടുത്തു. എത്ര സെന്റീമീറ്റർ റിബൺ ബാക്കിയുണ്ടാകും

സ്കോർ 1

18. 1
2 3
4 5 6
7 8 9 10
……………..
…………….. ഇങ്ങനെ തുടർന്നാൽ 45 വരുന്നത് എത്രാമത്തെ വരിയിൽ ആയിരിക്കും

സ്കോർ 1

19. 105 പേർ പരീക്ഷ എഴുതുന്ന ഒരു പരീക്ഷാ കേന്ദ്രത്തിലെ ആദ്യത്തെ നമ്പർ 6 5 7 8 9 9 ആണെങ്കിൽ അവസാനത്തെ നമ്പർ എത്രയായിരിക്കും

സ്കോർ 1

20. ഈ ശ്രേണിയിലെ അടുത്ത സംഖ്യ ഏതായിരിക്കും?

356 ,389, 424, 461, …..

സ്കോർ 1

21. ഉത്തരവുമായി യോജിക്കാത്തത് ഏത്?

9880 -8890=

a ) 9 നൂറുകളും 9 പത്തുകളും ചേർന്നത്

b) ഏറ്റവും ചെറിയ നാലക്ക സംഖ്യയിൽ നിന്ന് ഏറ്റവും ചെറിയ രണ്ടക്ക സംഖ്യ കുറച്ചാൽ കിട്ടുന്നത്

c) 3×5×6×11

d) 100×8+10×18

സ്കോർ 1

22. 4, 0, 2 ,8 എന്നീ നാല് അക്കങ്ങൾ ആവർത്തിക്കാതെ എത്ര നാലക്ക ഇരട്ട സംഖ്യകൾ നിർമ്മിക്കാം?

സ്കോർ 1

a) 8 b) 16 c) 18 d) 24

23. ഒന്നിന്റെ സ്ഥാനത്ത് പൂജ്യം ഉള്ള ഒരു ആറക്ക സംഖ്യ വായിച്ചു തുടങ്ങുന്നത്

a) കോടിയിൽ നിന്നും

b) പതിനായിരത്തിൽ നിന്ന്

c) ലക്ഷത്തിൽ നിന്ന്

d) പത്ത് ലക്ഷത്തിൽ നിന്ന്

സ്കോർ 1

24. 480 ഗ്രാം ഭാരമുള്ള ഒരു കുപ്പിയിൽ ഒരു ലിറ്റർ 40 മില്ലി ലിറ്റർ മരുന്ന് നിറച്ചപ്പോൾ കുപ്പിയുടെ ഭാരം ഒരു കിലോ 520 ഗ്രാമായി 4 ദിവസം കഴിഞ്ഞപ്പോൾ മരുന്നു കുപ്പിയുടെ ഭാരം ഒരു കിലോഗ്രാം ആയെങ്കിൽ കുപ്പിയിലെ മരുന്നിന്റെ അളവ് എത്ര മില്ലി ലിറ്റർ ആയിരിക്കും?

സ്കോർ 1

a) 480 b) 500 c) 520 d) 540

KPSTA